മാർച്ച് 10, 2014

# പുണ്യവും പാപവും നേർക്കുനേർ കാണുമ്പോൾ

അരുൺ ജെയ്റ്റ്ലി,
(പ്രതിപക്ഷ നേതാവ്, രാജയസഭ)

2014ലെ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ കഴിഞ്ഞ 24 മണിക്കൂറുകൾ അങ്ങേയറ്റം സംഭവബഹുലമായിരുന്നു. ബി.ജെ.പിക്ക് അനുകൂലമായി പാർട്ടികളുടെ ഏകീകരണം തുടരുന്നു. ഡാർജിലിംഗിലും ചില വടക്കൻ ബംഗാൾ മണ്ഡലങ്ങളിലും ബി.ജെ.പിയെ പിന്താങ്ങാൻ ഗോർഖ ജൻമുക്തി മുന്നണി തീരുമാനിച്ചിട്ടുണ്ട്. ബംഗാളിൽ ഏതാനും സീറ്റുകൾ പാർട്ടി നേടുമെന്നത് യാഥാർത്ഥ്യമായിരിക്കുകയാണ്. അതോടൊപ്പം അസം ഗണ പരിഷത്തിന്റെ മുൻ അദ്ധ്യക്ഷൻ നയിക്കുന്ന പാർട്ടിയുടെ ഒരു പ്രബലവിഭാഗം ബി.ജെ.പിയിൽ ലയിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അസമിലെ പല ലോക്സഭാ സീറ്റുകളിലേക്കും ശക്തമായ മത്സരം കാഴ്ചവയ്ക്കാൻ ബി.ജെ.പിക്കാകുമെന്ന് നേരത്തെതന്നെ പ്രതീക്ഷിക്കപ്പെട്ടതായിരുന്നു. എ.ജി.പിയുടെ മുതിർന്ന നേതാക്കൾ ബി.ജെ.പിയിൽ ചേർന്നതോടെ പാർട്ടി കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് അസമിലെ ഏക കോൺഗ്രസ്‌വിരുദ്ധ പാർട്ടിയായി മാറി.

പല സംസ്ഥാനങ്ങളിലും സ്വന്തം പാർട്ടികൾ വിട്ട് ബി.ജെ.പിയിൽ ചേർന്നു പ്രവർത്തിക്കാൻ പല സമുന്നത വ്യക്തികളും തീരുമാനമെടുത്തതിലൂടെ കൂടുതൽ കരുത്താർജ്ജിച്ചതിനു പുറമേ തെക്കൻ സംസ്ഥാനങ്ങളായ കർണ്ണാടക, എ.പി., തമിഴ്നാട് എന്നിവിടങ്ങളിൽ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തി മുന്നേറാൻ ബി.ജെ.പിക്കും എൻ.ഡി.എ.യ്ക്കും അടുത്ത ഏതാനും ദിവസങ്ങൾ നിർണ്ണായകമാണ്. ബി.ജെ.പി. പരമ്പരാഗതമായി വലിയ രാഷ്ട്രീയശക്തി അല്ലാതിരുന്ന രാജ്യത്തെ കിഴക്കും തെക്കും ഭാഗങ്ങളിൽ പാർട്ടിയുടെ ശക്തമായ സാന്നിദ്ധ്യം അറിയിക്കാൻ ഈ സംഭവവികാസങ്ങൾ തീർച്ചയായും പ്രയോജനപ്പെടും.

ഇതിനിടെ ബി.ജെ.പിക്ക് അനുകൂലമായി ഭവിച്ച സാഹചര്യത്തിനു സമാന്തരമായി കോൺഗ്രസ്സിലും എ.എ.പിയിലുമുണ്ടായ ഒരു പ്രധാനപ്പെട്ട സംഭവവികാസം രൂപപ്പെട്ടത് ഇത്തരുണത്തിൽ സ്മരണീയമാണ്. മദ്ധ്യപ്രദേശിലെ ഭിന്റ് മണ്ഡലത്തിൽ നിന്ന് മത്സരിക്കാൻ വിസമ്മതിച്ച കോൺഗ്രസ് സ്ഥാനാർത്ഥി ബി.ജെ.പിക്ക് പിന്തുണ പ്രഖ്യാപിച്ചു. ചണ്ഡിഗഡ് തങ്ങൾക്ക് കാര്യമായ സ്വാധീനമുള്ള ഒരു പ്രദേശമാണെന്നാണ് ആ പാർട്ടിയുടെ അവകാശവാദം. എന്നാൽ, പാർട്ടിപ്രവർത്തകർ ചിന്താക്കുഴപ്പത്തിലായതിനാലും സംഘടനയുടെ പിന്തുണ പരിമിതമായതിനാലും ആ മണ്ഡലത്തിലെ സ്ഥാനാർത്ഥിയും മത്സരിക്കാൻ വൈമുഖ്യം കാണിച്ചിരിക്കുകയാണ്. ശക്തരായ തിരഞ്ഞെടുപ്പു വിജയി എന്ന നിലയിൽ ഒരു പാർട്ടിക്ക് ചുറ്റുമായി മഹാഭൂരിപക്ഷം ജനങ്ങളും കൂട്ടംകൂടി നിൽക്കുന്നു. തിരഞ്ഞെടുപ്പിൽ പരാജയം മുന്നിൽക്കാണുന്ന കക്ഷികളിൽ അവകാശവാദക്കാർ സ്വാഭാവികമായും കുറയും. എന്നാൽ, പരസ്യമായി സ്ഥാനാർത്ഥിനിർണ്ണയം പ്രഖ്യാപിച്ചശേഷം സ്ഥാനാർത്ഥികൾ നാമനിർദ്ദേശം നിരാകരിക്കുന്നത് അഭൂതപൂർവ്വമാണ്. ജയിക്കാൻ തീരെ സാദ്ധ്യതയില്ല എന്ന് സ്ഥാനാർത്ഥികൾ തന്നെ മനസ്സിലാക്കുമ്പോഴാണല്ലോ ഇങ്ങനെ സംഭവിക്കുന്നത്.

എ.എ.പി.യുടെ 'മാദ്ധ്യമ ഹണിമൂൺ ഏതാണ്ട് അവസാനിച്ച മട്ടാണ്. ആ പാർട്ടിയുടെ പ്രവർത്തനങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുമ്പോഴും മറ്റേതൊരു രാഷ്ട്രീയ പാർട്ടിയെയും പോലെ എ.എ.പിയുടെ പ്രവർത്തനങ്ങളും മാധ്യമ വിചാരണയ്ക്ക് വിധേയമാക്കുന്നുണ്ട്. അതിരറ്റ മാധ്യമപ്രചാരണത്തിലൂടെ ബി.ജെ.പിയുടെ 'ടെലിവിഷൻ എതിരാളി എ.എ.പി.യായി മുദ്രകുത്തപ്പെട്ടുവെങ്കിലും പാർട്ടിയുടെ തിരഞ്ഞെടുപ്പ് ഗോദയിലെ എതിരാളി ഇപ്പോഴും കോൺഗ്രസ് തന്നെയാണ്. ഒരു രസകരമായ ദൃശ്യം ഇപ്പോൾ യു ട്യൂബിൽ പ്രചാരത്തിലുണ്ട്. ഒരു പ്രധാനപ്പെട്ട വാർത്താചാനലുമായുള്ള കൂടിക്കാഴ്ചയുടെ ചിത്രീകരണശേഷം എ.എ.പി. അദ്ധ്യക്ഷൻ ചാനലിന്റെ അവതാരകനുമായി രഹസ്യസംഭാഷണം നടത്തുന്നതാണ് ആ ദൃശ്യം. കൂടിക്കാഴ്ചയുടെ ഏതെല്ലാം ഭാഗങ്ങൾക്കാണ് ഊന്നൽ നൽകേണ്ടതെന്നും മദ്ധ്യവർഗ്ഗത്തിന്റെ പിന്തുണ നഷ്ടപ്പെട്ടുപോകാതെ അത് സംപ്രേഷണത്തിനായി എങ്ങനെ ചിട്ടപ്പെടുത്തണമെന്നുമുള്ള തന്ത്രങ്ങൾ മെനയാനായിരുന്നു ആ സംഭാഷണം. ഏതെങ്കിലും മാധ്യമ സ്ഥാപനത്തിൽ നിന്നോ അവതാരകരിൽ നിന്നോ ഇത്തരം ഒരു അവകാശം അനുഭവിക്കാൻ ഞങ്ങൾക്ക് ഇതുവരെ ഭാഗ്യം ഉണ്ടായിട്ടില്ല. അവതാരകരുമായി ഒത്തുചേർന്ന് അനുകൂല സാഹചര്യത്തിൽ കൂടിക്കാഴ്ച സംപ്രേഷണം ചെയ്ത് അതിലൂടെ നല്ല പ്രതിച്ഛായ സൃഷ്ടിച്ചെടുക്കാമെന്നത് എ.എ.എ.പിയുടെ പുതിയ തന്ത്രമാണ്. തങ്ങൾ എന്തൊക്കെയാണെന്നാണോ അവകാശപ്പെടുന്നത് അതൊന്നുമല്ല അവർ എന്നാണ് ഇതു വ്യക്തമായി സൂചിപ്പിക്കുന്നത്. അയഥാർത്ഥമായി തങ്ങളുടെ പ്രതിച്ഛായ ഊതിപ്പെരുപ്പിക്കലാണ് അവർ ഇതിലൂടെ ചെയ്യുന്നത്. യാഥാർത്ഥ്യവും ഉയർത്തിക്കാട്ടലും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടില്ല. പുണ്യവും പാപവും നേർക്കുനേർ കാണുമ്പോൾ അവിടെ ഒരു ഗൂഢാലോചനയും ആർക്കും ദർശിക്കാനാവില്ല.